**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4131** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി Food Safety and Standards Authority of India ലഭ്യമായ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ എണ്ണത്തിന് ആനുപാതികമായി പരിശോധനാ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ടാർജറ്റുകൾക്ക് മുകളിൽ പരിശോധന നടത്തി വരുന്നുണ്ട്. ഹോട്ടലുകൾക്കതിരെ ലഭിയ്ക്കുന്ന എല്ലാത്തരം പരാതികളിലും പരിശോധന നടത്തി ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ഉത്സവ സീസണുകൾ, മൺസൂൺ കാലഘട്ടം തുടങ്ങിയ എല്ലാ സാഹചര്യങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ഹോട്ടലുകളിൽ പരിശോധന നടത്തി വരുന്നുണ്ട്. |
| (ബി) | ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ഹൈജീൻ റേറ്റിംഗ്. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയ്ക്കാണ് നിലവിൽ **ഹൈജീൻ റേറ്റിംഗ്** ഏർപ്പെടുത്തിയിട്ടുള്ളത്. FSSAI അംഗീകൃത ഏജൻസി ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ശുചിത്വ നിലവാരം പരിശോധിച്ച് ഒന്ന് മുതൽ അഞ്ച് വരെയുള്ള റേറ്റിംഗ് നൽകുന്നു. ഇതുവഴി ഉപഭോക്താക്കൾക്ക് അവർ ആശ്രയിക്കുന്ന സ്ഥാപനങ്ങളുടെ ശുചിത്വ നിലവാരം മനസിലാക്കുവാനും മെച്ചപ്പെട്ട ഇടം തെരഞ്ഞെടുക്കുവാനും കഴിയുന്നു. നിലവിൽ 3078 |

| | | | |
|---|---|---|---|
| | | | ഹോട്ടലുകൾ/ റെസ്റ്റാറന്റുകൾക്ക് റേറ്റിങ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകളുടെ പേര് വിവരം പരസ്യപ്പെടുത്തിക്കൊണ്ട് ശക്തമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ ലാബ് പരിശോധനയിൽ **Unsafe, Substandard** ആകുന്ന സാഹചര്യങ്ങളിൽ ഇവ സംബന്ധിച്ച വിവരം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നുണ്ട്. കൂടാതെ സുരക്ഷിതമല്ലാത്ത ഭക്ഷണം നൽകിയതിന് നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ പത്ര/ദൃശ്യ മാദ്ധ്യമങ്ങളിലൂടെ ഇത്തരം സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുംവിധം പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ